(Pages : 4) **M – 2458**

Reg. No. : ..............................

Name : ..................................

# Second Semester B.Com. Degree Examination, December 2021

## First Degree Programme under CBCSS

## Language Course VI

## Additional Language II – Malayalam

## ML 1211.2 : കവിത, കഥ, ഉപന്യാസം, വിവർത്തനം

## (2018 & 2019 Admission)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. ചങ്ങമ്പുഴ എഴുതിയ നാടകം.

2. പൂവമ്പഴം എന്ന കഥയിലെ നായിക.

3. 'സീൻസ് ഫ്രം എ മാര്യേജ്' എന്ന സിനിമയുടെ സംവിധായകൻ.

4. 'കൈരളിയുടെ കഥ' എന്ന ഗ്രന്ഥത്തിന്റെ കർത്താവ്.

5. മലയാളത്തിലെ ആദ്യ ചെറുകഥ ഏത്?

6. സ്വതന്ത്രവിവർത്തനം എന്നാലെന്ത്?

7. 'തലച്ചോറില്ലാത്ത സ്ത്രീകൾ' എന്ന കഥയെഴുതിയതാര്?

VTM NSS COLLEGE LIBRARY

P.T.O.

8. മിസ്സിസ് ഡിസൂസ ഏതു കഥയിലെ കഥാപാത്രം?

9. 'ഭാരതപര്യടനം' എന്ന കൃതിയുടെ കർത്താവ്.

10. ഋശ്യശൃംഗന്റെ പിതാവ്.

**(10 × 1 = 10 Marks)**

II. ഒരു ഖണ്ഡികയിൽ കവിയാതെ **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. 'രംഗം മാറീ - കാലം പോയി

ഭംഗം വന്നൂ ഭാഗ്യത്തിൽ' - വിവക്ഷിതമെന്ത്?

12. ഇ-ബുക്ക് റീഡർ എന്നാലെന്ത്?

13. കേരളമൊരു ഭ്രാന്താലയമാണെന്ന് വിവേകാനന്ദൻ പറയാൻ കാരണമെന്ത്?

14. സിനിമയുടെ വ്യംഗ്യാർത്ഥശേഷി പതിന്മടങ്ങായി വർദ്ധിക്കുന്നതെങ്ങനെ?

15. ഹാസ്യത്തിനു കലാസൗന്ദര്യവും സംസ്കാരോൽക്കർഷവും കൈവരുന്നതെങ്ങനെ?

16. 'സാങ്കേതികയുഗത്തിൽ പ്രണയികൾ സഹിക്കുന്ന ത്യാഗമുണ്ടോ ലോകമറിയുന്നു!' - വിവക്ഷിതമെന്ത്?

17. 'എന്റെ കൂട്ടുകാരും ഇതു ചെയ്യുന്നില്ലെങ്കിൽ അതിന്റെ കാരണം ആവശ്യമില്ലായ്കയല്ല, അപമാനഭീരുതയാണ്' - സൂചിതമെന്ത്?

18. 'നീ എന്റെ കണ്ണിലെ കാഴ്ചയാണ്' - ആരുടെ വാക്കുകൾ? സാഹചര്യമെന്ത്?

19. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക :

An entrepreneur is one who identifies an opportunity and puts in conscious efforts to make it an enterprise.

VTM NSS COLLEGE LIBRARY

20. മണിപ്പൂതത്തെ കവി അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?

21. സാഹിത്യത്തിലും സിനിമയിലുമുള്ള ബിംബകല്പനകളെ താരതമ്യപ്പെടുത്തുക.

22. 'കാഴ്ചയ്ക്ക് തനി തെരുവുഗുണ്ടയാണെന്നു തോന്നുന്ന ഇവൻ എത്ര നല്ലവൻ!' - ആരെക്കുറിച്ചാണീ പരാമർശം? കാരണമെന്ത്?

**(8 × 2 = 16 Marks)**

III. **നൂറ്റിയിരുപതു** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. ഗുരുവിൽ ഒരു ഗൗതമസിദ്ധാർത്ഥനുണ്ടായിരുന്നെന്ന നിരീക്ഷണത്തിന് അടിസ്ഥാനമെന്ത്?

24. ടാബുകളെ പരിചയപ്പെടുത്തുക.

25. സിനിമയും സാഹിത്യവും തമ്മിലുള്ള ബന്ധം ജൈവപരവും നിർണ്ണായകവുമാണെന്ന് ഐസൻസ്റ്റീൻ വാദിക്കുന്നതെന്തുകൊണ്ട്?

26. വ്യാസന്റെ ചിരി സാമൂഹികജീവിതത്തിനു നല്കുന്ന പാഠമെന്ത്?

27. ആയുസ്സ് നീട്ടിക്കിട്ടുന്നതിനേക്കാൾ നല്ലത്, ജയിലിലെ ജീവപര്യന്തം തടവാണെന്ന് ഇ.വി.യ്ക്കു തോന്നാൻ കാരണമെന്ത്?

28. ഭക്ഷണത്തിലൊളിഞ്ഞിരിക്കുന്ന ജാതീയതയെ 'പന്തിഭോജനം' മറനീക്കിക്കാണിക്കുന്നതെങ്ങനെ?

29. മധുരനാരങ്ങയെ പുവമ്പഴമാക്കുന്ന വിദ്യ ദാമ്പത്യത്തിലെ അധികാരവ്യവസ്ഥയുമായി ചേർത്ത് വിശകലനം ചെയ്യുക.

30. ഉണ്ണിയെ കാണാതലയുന്ന അമ്മയുടെ ചിത്രം കവി അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?

31. ഇംഗ്ലീഷിലേയ്ക്ക് വിവർത്തനം ചെയ്യുക.

'അപ്പോൾ ഡോക്ടറും സംഘവും തിടുക്കത്തിൽ വാതിൽ കടന്നു വന്നു. ആൺഗൗളി പെൺഗൗളിയോട് പറഞ്ഞു. "സത്യത്തിൽ ഈ ചെറുപ്പക്കാരനെ കൊലയ്ക്ക് കൊടുത്തത് ഈ ഭയങ്കരനാണ്. അപകടത്തിലേറ്റ പരിക്കുമൂലമല്ലല്ലോ ഇയാൾ മരിയ്ക്കാൻ പോകുന്നത്. ജനറൽ ഫിസിഷ്യന് റഫർ ചെയ്തിരുന്നെങ്കിൽ അങ്ങേര് മഞ്ഞപ്പിത്തത്തിന് ചികിത്സിക്കുമായിരുന്നു. മൂപ്പരുടെ ഈഗോ അതിന് സമ്മതിച്ചില്ല. ഇനിയിപ്പോ മരിക്കുകയല്ലാതെ മറ്റെന്തു ഗതി?".

**(6 × 4 = 24 Marks)**



VTM NSS COLLEGE LIBRARY

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. മാതൃത്വത്തിന്റെ മഹാഗാഥയാണ് ഇടശ്ശേരിയുടെ പൂതപ്പാട്ട് - സമർത്ഥിക്കുക.

33. എം. സുകുമാരന്റെ കഥാലോകത്തെ പരിചയപ്പെടുത്തുക.

34. 'പഴയ കേരളം എന്ന മിത്തിൽ നിന്ന് പുതിയ കേരളം എന്ന സ്വപ്നത്തിലേക്കാണ് ഗുരു സഞ്ചരിച്ചത്' - സമർത്ഥിക്കുക.

35. 'മർത്ത്യവീര്യമീയദ്രിയെ വെല്ലും' എന്ന ആധുനികവിശ്വാസം, സമകാലികപരിസ്ഥിതിയോടു ചേർത്തുവച്ച് വിലയിരുത്തുക.

**(2 × 15 = 30 Marks)**

VTM NSS COLLEGE LIBRARY